ഉത്തരം

(എ) 82 കേസുകൾക്ക് മഹസ്സർ എഴുതിയിട്ടുണ്ട്.

(ബി) 75,92,800 രൂപ.

(സി) 62 ഉദ്യോഗസ്ഥന്മാർ.

(ഡി) ഉണ്ട്.

(ഇ) 40 ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായ സംഭവം

46 (3578) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ കോതമംഗലം ഡിവിഷനിൽ തൊടുപുഴ റെയിഞ്ചിൽ 40 ഹെക്ടർ വിസ്തൃതിയുള്ള വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി മുഴുവൻ കാണാതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പോലീസ് വിജിലൻസ് വിഭാഗത്തിനെക്കൊണ്ട് അന്വേഷണം നടത്തുമോ ;

(സി) പ്രസ്തുത തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായതു സംബന്ധിച്ച് സർക്കാരിന് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട് ;

(ഡി) ഇതിന് ഉത്തരവാദികളായ ഡി. എഫ്. ഒ. യുടെയും റെയിഞ്ച് ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥന്മാരുടെയും പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

47 (3579) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് 1994-ൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തുതരം അന്വേഷണമാണ് നടത്തിയത് ; ആർക്കായിരുന്നു അന്വേഷണ ചുമതല ; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly